**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4830** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഫാം ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഫാം ടൂറിസം നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന "കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്" എന്ന പദ്ധതി ലോഞ്ച് ചെയ്തിട്ടുണ്ട്. നിലവിൽ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതും ടൂറിസം മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ താൽപ്പര്യം ഉള്ളതുമായ ആർക്കും ഈ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തുന്ന ആദ്യ ഘട്ട പരിശീലനം പൂർത്തിയായി. രണ്ടാം ഘട്ട പരിശീലനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആദ്യഘട്ട പരിശീലനം ലഭിച്ചവരുടെ ഫാമുകളിൽ പരിശോധന നടത്തിയ ശേഷം ഇവരെ കേരള അഗ്രി ടൂറിസം നെറ്റ്‌വർക്കിലേക്ക് രജിസ്റ്റർ ചെയ്യുന്നതാണ്. |
| (ബി) | കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവും വ്യാപനവും നവീന കൃഷിരീതികളും വളർത്തുമൃഗ പരിപാലനവും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന പദ്ധതിയിൽ എല്ലാവിധ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും (നെല്ല്, പച്ചക്കറി, പഴം, മത്സ്യം, മുതലായ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർ, മുട്ടക്കോഴി, ഇറച്ചിക്കോഴി, പശു വളർത്തൽ, ആട് വളർത്തൽ എന്നിങ്ങനെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട വളർത്തുമൃഗ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ) ഭാഗമാകാവുന്നതാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ വ്യാപനവും, വിപണനവും, പുരാതനവും ആധുനികമായ കൃഷി രീതികൾ വിനോദ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുക എന്നിവയാണ് പദ്ധതി ലക്ഷ്യം വക്കുന്നത്. |

സെക്ഷൻ ഓഫീസർ